**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1860** **02-02-2024 - ൽ മറുപടിയ്ക്ക്**

**കാഞ്ഞങ്ങാട് വെറ്ററിനറി ആശുപത്രി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കാഞ്ഞങ്ങാട് വെറ്ററിനറി ആശുപത്രിയിൽ അനുവദിച്ച ആകെ തസ്തികകൾ എത്രയെന്ന് ഇനം തിരിച്ച് വിശദമാക്കാമോ; | (എ) | 1) സീനിയർ വെറ്ററിനറി സർജൻ – 1<br><br>2) വെറ്ററിനറി സർജൻ – 2<br><br>3)ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ -2<br><br>4) അറ്റന്റന്റ് --2<br><br>5) പാർട്ട് ടൈം സ്വീപ്പർ – 1 |
| (ബി) | അതിൽ എത്ര ഒഴിവുകൾ ഉണ്ടെന്നും പ്രസ്തുത ഒഴിവുകൾ നികത്താൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ; | (ബി) | പാർട്ട് ടൈം സ്വീപ്പർ തസ്തിക ഒഴിഞ്ഞുകിടക്കുന്നുണ്ട്. നിയമനത്തിനായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ഉദ്യോഗാർത്ഥികളുടെ പട്ടിക ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത ആശുപത്രി കെട്ടിടം കാലപ്പഴക്കത്താൽ ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥയിലാണെന്ന് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പുതിയ കെട്ടിടം നിർമ്മിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>നിലവിൽ ആശുപത്രി പ്രവർത്തിക്കുന്ന കെട്ടിടത്തിന് 50 കൊല്ലത്തിലേറെ പഴക്കമുണ്ട്. ഓപ്പറേഷൻ തിയേറ്റർ ഉൾപ്പെടെ മറ്റ് അനുബന്ധ പ്രാഥമിക സൗകര്യങ്ങളൊരുക്കി പുതിയ കെട്ടിടം പണിയുന്നതിനായി നഗരസഭയുമായി ബന്ധപ്പെട്ടപ്പോൾ ഒരു കോടി രൂപയുടെ മേൽ ചെലവ് വരുന്ന പദ്ധതിയായതിനാൽ നഗരസഭയ്ക്ക് ഒറ്റയ്ക്ക് തുക കണ്ടെത്താൻ ബുദ്ധിമുട്ടാണെന്നും 2024-25 വർഷത്തിൽ ഒരു ടോക്കൺ തുക വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താമെന്നും, കൂടുതൽ തുക കാസറഗോഡ് പാക്കേജ്, MLA ഫണ്ട്, സർക്കാർ ഫണ്ട് എന്നിവിടങ്ങളിൽ നിന്നും സ്വരൂപിക്കാൻ നടപടി കൈക്കൊള്ളാമെന്നും നഗരസഭാ അധികൃതർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ